# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025-26

ഗവ. എൽ. പി. എസ്
നെടുമൺ.

## ആമുഖം :

പൊതു വിദ്യാലയങ്ങളുടെ ഭൗതികവും അക്കാദമികവും സാമൂഹ്യവുമായ എല്ലാ പരിമിതികളും പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം നടന്നുകൊണ്ടിരിക്കുകയാണ്. ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് ലക്ഷ്യം. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികൾക്ക് ഉറപ്പാക്കുന്നതിനു അക്കാദമിക മികവ് വിളിച്ചോതുന്നതിനും സഹായകമാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. മുഴുവൻ കുട്ടികളുടെയും അക്കാദമിക വളർച്ചയ്ക്കു വേണ്ടി തയാറാക്കുന്ന സമഗ്രമായ അക്കാദമിക മാസ്റ്റർ പ്ലാൻ ഒരു വിദ്യാലയത്തിന്റെ പ്രധാന മാർഗരേഖയാണ്.

ലക്ഷ്യങ്ങൾ:-

- ഓരോ വിദ്യാർത്ഥിക്കും വിദ്യാലയ അന്തരീക്ഷവും പഠനപ്രവർത്തനവും ആസ്വാദ്യകരമാക്കുന്നു.
- വിദ്യാലയത്തിലെ എല്ലാ കുട്ടികൾക്കും സന്തുഷ്ടദപരമായതും ശിശുകേന്ദ്രീകൃതവുമായ രീതിയിൽ പഠനവും പാഠ്യേതര പ്രവർത്തനങ്ങളും സംഘടിപ്പിക്കുക.
- ദിനാചരണങ്ങൾ അക്കാദമിക ലക്ഷ്യത്തോടെ സംഘടിപ്പിക്കുക
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് വേണ്ടി വിവിധ പഠനപ്രവർത്തനങ്ങൾ നടപ്പാക്കുക.
- ജനാധിപത്യബോധവും വിമർശനാത്മക ചിന്തയും വളർത്തി കുട്ടികളിൽ സാമൂഹ്യശാസ്ത്രാവബോധം വളർത്തുക.
- വിവിധ മേളകളിലും കലോത്സവങ്ങളിലും കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുക.
- ആധുനിക സാങ്കേതിക വിദ്യയുടെ വിവിധ വശങ്ങൾ പ്രയോജനപ്പെടുത്തി പഠനം കൂടുതൽ ലളിതവും താത്പര്യമുണർത്തുന്നതും ആക്കുക
- എല്ലാവിഭാഗം കുട്ടികളെയും പരിഗണിച്ചുകൊണ്ട് പഠനപ്രവർത്തനങ്ങൾ തയാറാക്കി ലിംഗസമത്വം തുല്യനീതി സമത്വം ഇവ ഉറപ്പുവരുത്തുക.
- ആത്മവിശ്വാസത്തോടെ പൊതുസദസുകളെ അഭിമുഖീകരിക്കുന്നതിനുള്ള കഴിവ് വർധിപ്പിക്കുക
- വികവുകൾ സമൂഹത്തിൽ എത്തിക്കുന്നതിനുള്ള വിവിധ പരിപാടികൾ ആസൂത്രണം ചെയ്യുക.

ചരിത്രം:-

പത്തനംതിട്ട ജില്ലയിൽ അടൂർ താലൂക്കിൽ ഏഴംകുളം ഗ്രാമപഞ്ചായത്തിലെ VI-ാം വാർഡിലാണ് ഗവ. എൽ. പി. എസ്, നെടുമൺ സ്ഥിതിചെയ്യുന്നത്. ക്രിസ്തുവർഷം 1948ൽ ആരംഭിച്ച ഒരു സർക്കാർ പ്രൈമറി വിദ്യാലയമാണിത്. കായംകുളം - പുനലൂർ റോഡിൽ പട്ടാഴിമുക്ക് ജംഗ്ഷനിൽ നിന്ന് കുറച്ചു മാറി പട്ടാഴി- നെടുമൺ റോഡ് സൈഡിലാണ് ഈ സ്കൂളിന്റെ സ്ഥാനം. സമീപ പ്രദേശത്തെ കുട്ടികൾ പ്രാഥമിക വിദ്യാഭ്യാസത്തിനായി ഈ സ്കൂളിനെ ആശ്രയിക്കുന്നു.

ആദ്യകാലത്തെ താത്കാലിക ഓല ഷെഡ്ഡിൽ നിന്നും ഓടിട്ട കെട്ടിടത്തിലേക്ക് മാറിയത് ഒരു വൻ പരിഷ്കാരമായിരുന്നു. SSA യിൽ നിന്നും പഞ്ചായത്തിൽ നിന്നും ലഭിച്ച ഫണ്ടുപയോഗിച്ച് PTA യുടെ സഹായത്തോടെ ചുറ്റുമതിൽ, കിണർ വാട്ടർ ടാങ്ക്, പൈപ്പുകൾ, ടോയ്ലറ്റുകൾ, അടുക്കള തുടങ്ങിയവ നിർമ്മിക്കാൻ സാധിച്ചു. കിണറിന് കമ്പി വല ഉപയോഗിച്ച് സ്ഥിരമായി മൂടി ഇട്ടു. പൊതുവിദ്യാലയം നിലനിൽക്കണം എന്നാഗ്രഹിക്കുന്നവരുടെ കുട്ടികളാണ് ഇവിടെ പഠിക്കുന്നത്. അന്യസംസ്ഥാനക്കാരായ കുട്ടികളും ഇവിടെ പഠിക്കുന്നുണ്ട്. വളരെ മികച്ച രീതിയിലുള്ള പ്രവർത്തനങ്ങളുമായ് നാം മുന്നോട്ട് പോവുകയാണ്.

ഗവ. എൽ. പി. എസ്, നെടുമൺ.

ഗ്രാമപഞ്ചായത്ത് : ഏഴംകുളം
വാർഡ് : VI
ബ്ലോക്ക് : പറക്കോട്
ബി. ആർ. സി : അടൂർ
വിദ്യാഭ്യാസ ജില്ല : പത്തനംതിട്ട.
ഉപജില്ല : അടൂർ.
ഹെഡ്മിസ്ട്രസ് : ഷീജ. T. D
അധ്യാപകർ : രാജലക്ഷ്മി. R (LPSA)
ശ്രീലക്ഷ്മി. P (")
ജെസിമാമച്ചൻ (")
അജി ആന്റണി (അറബിക് ടീച്ചർ)
ലിജു (പ്രീപ്രൈമറി ടീച്ചർ)
അനധ്യാപകർ : ഷീല ഡേവിഡ് (PTCM)
ലതിക (പാചകത്തൊഴിലാളി)

വിദ്യാലയ വികസന കാഴ്ചപ്പാട്

അക്കാദമിക മികവിലൂടെ വിദ്യാലയ മികവ് എന്ന ലക്ഷ്യത്തിലൂന്നി ഗവ. എൽ. വി. എസ്, കണ്ടുവമൺ നിലവിലുള്ള അക്കാദമിക പരിമിതികളെ കണ്ടെത്തി അത് പരിഹരിക്കുന്നതിനുതകുന്ന ഒരു വികസന കാഴ്ചപ്പാട് രൂപീകരിച്ചു. ശിശു സൗഹൃദവും പ്രവർത്തനാധിഷ്ഠിതവും പഠന അനുഭവങ്ങൾക്ക് മുൻതൂക്കം നൽകുകയും ചെയ്യുന്ന പ്രവർത്തന പദ്ധതി ഇതിലൂടെ വിഭാവനം ചെയ്യുന്നു. എല്ലാ നിലവാരത്തിലുമുള്ള കുട്ടികളെ പരിഗണിച്ചാണ് ഇത് നടത്തുന്നത്.

കാർഷികം:-

കൃഷിയുടെ പ്രാധാന്യം മനസിലാക്കുന്നതിനായി വിവിധ പ്രവർത്തനങ്ങൾ നൽകുന്നു. വിദ്യാലയത്തിലെ അടുക്കളത്തോട്ടം കുട്ടികളുടെ പങ്കാളിത്തത്തോടെ മെച്ചപ്പെടുത്താൻ കഴിയും. കൃഷിയറിവിന്റെ പുതിയ പാഠങ്ങൾ കുട്ടികളിലെത്തിക്കാനും ഇതിലൂടെ കഴിയുന്നു. അഭിമുഖങ്ങൾ, ചോദ്യാവലി തയാറാക്കൽ, പോസ്റ്റർ രചന തുടങ്ങിയ പ്രവർത്തനങ്ങളും നൽകാം.

നല്ല വായന, നല്ല പഠനം, നല്ല ജീവിതം:-

ഇത്തരം പ്രവർത്തനങ്ങളിലൂടെ നല്ലൊരു വായന സംസ്കാരം കുട്ടികളിലെത്തിക്കാം. പുസ്തക വായന, കുറിപ്പ് തയാറാക്കൽ, ആസ്വാദനം, സർഗ സൃഷ്ടി, വായനോത്സവം, കവിതാ പാരായണം എന്നിവ നടത്താവുന്നതാണ്.

**വിദ്യാലയ കൂട്ടായ്മകളെ ശക്തിപ്പെടുത്തൽ:-**

പഠനത്തിന്റെ തുല്യത, ഗുണനിലവാരം ഇവ ഉറപ്പുവരുത്താൻ വിദ്യാലയത്തിലെ വിവിധ കൂട്ടായ്മകളുടെ ശക്തിപ്പെടൽ അനിവാര്യമാണ്. പഠന പാഠ്യേതര പ്രവർത്തനങ്ങളിൽ രക്ഷിതാവിന്റെ പങ്കാളിത്തം കൂടി ഉറപ്പാക്കുന്നതിന് ഇത്തരം കൂട്ടായ്മകൾ സഹായിക്കുന്നു.

**ശ്രദ്ധ:-**

പഠന പിന്നാക്കാവസ്ഥയിലുള്ള കുട്ടികളെ മറ്റ് കുട്ടികളോടൊപ്പം എത്തിക്കുക എന്ന ലക്ഷ്യത്തോടെ പ്രീടെസ്റ്റിനുശേഷം തിരഞ്ഞെടുക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നു.

**മലയാളത്തിളക്കം:-**

ഭാഷാപരമായ ശേഷികൾ നേടുന്നതിനുള്ള പ്രത്യേക പരിശീലന പരിപാടിയാണിത്.

**ഗണിത വിജയം, ഉല്ലാസ ഗണിതം:-**

ഗണിതശേഷികൾ നേടുന്നതിനുള്ള പ്രവർത്തന പദ്ധതിയാണിത്.

**ബാലസഭ:-**

കുട്ടികൾക്ക് സർഗവാസനകൾ പ്രകടിപ്പിക്കുന്നതിനുള്ള വേദി.

**സ്കൂൾ അസംബ്ലി:-**

കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നു. ഓരോ ദിവസവും അസംബ്ലി നയിക്കുവാൻ ഓരോക്ലാസുകാരെ ചുമതലപ്പെടുത്തുന്നു.

**ദിനാചരണങ്ങൾ ആചരിക്കൽ:-**

ഓരോദിനത്തിന്റെയും പ്രത്യേകത അനുസരിച്ച് പരിപാടികൾ ആസൂത്രണം ചെയ്യുന്നു.

പ്രവർത്തനങ്ങൾ:-

വിഷയം: മലയാളം.

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| • അടിസ്ഥാന ഭാഷാശേഷി വികസനം | പാട്ടുകളും കഥകളുമായി കുട്ടികൂട്ടങ്ങൾ സംഘടിപ്പിക്കൽ, അമ്മമാർ കുട്ടിക്കഥകൾ അവതരിപ്പിക്കുക. | ജൂലൈ-ഡിസംബർ |
| • ഉചിതമായ വ്യവഹാരരൂപങ്ങളിലുള്ള ലേഖനമികവ് | ലഘുപതിപ്പുകൾ തയ്യാറാക്കൽ, രചനാശില്പശാല കഥ, കവിത രചനകൾക്കുള്ള വേദിയൊരുക്കൽ. | ജൂൺ-ജനുവരി. |
| • വായനാപരിപോഷണം. | വായനാക്കളരി, പൊതുസമൂഹവുമായി ബന്ധപ്പെട്ട് പുസ്തകശേഖരണം, നാട്ടുവായന | " |
| • ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ. | പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ | ലക്ഷ്യം നേടുന്നതുവരെ. |
| • വായനാശീലം വളർത്തൽ. | ക്ലാസ് വായനാകൂട്ടം. ക്ലാസ് ലൈബ്രറി ഒരുക്കൽ പുസ്തകപരിചയം, വായനാകുറിപ്പ്, ആനുകാലിക വായന. | വർഷം മുഴുവൻ. |
| • എഴുത്ത് പരിപോഷിപ്പിക്കൽ. | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | " |

| | | |
|---|---|---|
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ- നേരിട്ടറിയൽ. | പ്രദേശവാസികളായ കലാകാരൻമാരുടെ സേവനം ക്ലാസ്മുറിയിലേക്ക്. കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം | വർഷത്തിലൊന്ന്. |
| • ദിനാചരണങ്ങൾ സംഘടിപ്പിക്കൽ. | ഓർമദിനങ്ങൾ ആചരിക്കൽ, ക്വിസ്, പുസ്തകപരിചയം, ലഘുപ്രഭാഷണം, ജീവിതരേഖ തയാറാക്കൽ, പതിപ്പ് നിർമാണം, പ്രദർശനം | ആവശ്യാനുസരണം. |
| • അറിവ് നേടൽ (ICT) | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ. പ്രദർശനം. | |
| • പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ. | ഭക്ഷ്യമേള- പാചക കുറിപ്പടങ്ങിയ പതിപ്പ് നിർമാണം. | വർഷത്തിലൊന്ന്. |
| • ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ. | കുട്ടികളുടെ സർഗശേഷികളുടെ പ്രദർശനം. മികച്ച വായനക്കാരാക്കുക. | ജൂൺ- ഡിസംബർ. |

വിഷയം: ഇംഗ്ലീഷ്.

| ലക്ഷ്യം | പ്രവർത്തനം | കാലം. |
|---|---|---|
| • ഇംഗ്ലീഷ്ഭാഷ ധാരാളമായി കേൾക്കാനുള്ള അവസരങ്ങളൊരുക്കൽ. | . കാർട്ടൂൺ, സിനിമ പ്രദർശനം. . ആശയങ്ങൾ കേട്ട് മനസിലാക്കുക. പറഞ്ഞ് പ്രകടിപ്പിക്കുക. | മാസത്തിൽ ഒന്ന്. |
| • സംസാരിക്കുന്നതിനുള്ള അവസരമൊരുക്കൽ. | Let's talk, English ബാലസഭ English assembly. | |
| • വായന. | class library devpt., reading camp, reading compeletion. | June-March. |
| • തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി. | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറിക്കുറിപ്പായി എഴുതുക.<br>• Peer group learning.<br>. Word games, spelling contests, roleplay, skit story telling. add more lines, conversation. | വർഷം മുഴുവൻ. |
| • സർഗാത്മകതാ രചനാശേഷി വികാസനം. | കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി മാസിക തയാറാക്കുക.<br>English fest. | |

വിഷയം: പരിസരപഠനം.

| ലക്ഷ്യം | പ്രവർത്തനം | കാലം. |
|---|---|---|
| • ആഹാരത്തിലെ ഒരുക്കും ഭക്ഷണ വസ്തുക്കളുടെ പ്രത്യേകത തിരിച്ചറിയുക. | ഭക്ഷ്യമേള - പ്രദർശനം. നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും. | ജൂൺ - ആഗസ്ത്. |
| • പ്രകൃതിയെ അറിയുക, ആസ്വദിക്കുക. | പുഷ്പോദ്യാനം, ഔഷധത്തോട്ടം നിർമ്മാണം. പ്രകൃതി നടത്തം. | |
| • ശുചിത്വബോധം | ക്ലാസുകൾ നൽകൽ, പോസ്റ്റർ രചന. | ജൂൺ, ജൂലൈ. |
| • നാടറിയാൻ - നാട്ടറിവുകൾ. | കർഷകരുമായി അഭിമുഖം, കൃഷിയിടത്തിലേക്ക്. നമുക്കും കർഷകരാകാം | |
| • ശാസ്ത്രാവബോധം വളർത്തുക. | • ലഘുപരീക്ഷണങ്ങൾ കണ്ടെത്തുന്നു, കുറിപ്പ് തയാറാക്കുന്നു. | ജൂൺ - ആഗസ്ത്. |
| • കേരളം - ഇന്ത്യ ഭൂപടവായന. | ഭൂപടവായന, ഭൂപട രചന | വർഷത്തിലൊന്ന്. |
| • പ്രകൃതി- വിഭവ സംരക്ഷണം. | പരിസ്ഥിതിസംരക്ഷണപ്രവർത്തനങ്ങളിലെ പങ്കാളിത്തം, ജൈവ - വൈവിധ്യ പാർക്ക്. | ജൂലൈ - ഡിസംബർ |
| • ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ രചന. • ശാസ്ത്രമേള. | • പതിപ്പ്, ചാർട്ട്, ആൽബം, ശാസ്ത്രമാസിക ഇവയുടെ നിർമ്മാണം. • ഇല ആൽബം തയാറാക്കൽ. • വാർത്തകൾ, ചിത്രങ്ങൾ ഇവയുടെ പ്രദർശനം. | |

വിഷയം: ഗണിതം.

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| • കളികളും നിർമ്മാണപ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | • ഗണിത മാഗസിൻ ജ്യാമിതീയരൂപങ്ങളുടെ നിർമ്മാണം, ഗണിതപ്രവർത്തനങ്ങൾ കളിയിലൂടെ | ജൂൺ - മാർച്ച് |
| • ഗണിത ചിന്താശേഷി വളർത്തുക. | കുസൃതിക്കണക്കുകൾ, ഗണിതപസിലുകൾ, ഗണിതം കളിയിലൂടെ. | ജൂൺ - മാർച്ച് |
| • ജ്യാമിതീയസൗന്ദര്യം തിരിച്ചറിയുക | • ഒറിഗാമി, ഗണിതപഠനം നിർമ്മാണപ്രവർത്തനങ്ങൾ, പ്രദർശനം | |
| • ചതുഷ്ക്രിയകൾ ലളിതമാക്കൽ | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ - നടപ്പാക്കൽ (ഡയസ് കളി, കച്ചവടക്കളി ...) | |
| • പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം-പ്രദർശനം. ഗണിതലാബ് ഒരുക്കൽ. ഗണിതചുവർ തയാറാക്കൽ. | ആവശ്യാനുസരണം |
| • ഗണിതശേഷികളുടെ പോഷണം | പ്രശ്നോത്തരി, പസിൽ, പാഠഭാഗ പഠന ഉല്പന്നങ്ങളുടെ പ്രദർശനം. നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണൽ. | |

ഈ അധ്യയന വർഷത്തിൽ വിദ്യാലയത്തി
ലെത്തുന്ന എല്ലാ കുട്ടികളെയും ഉൾക്കൊള്ളു-
ന്നതും തുല്യതയും ഗുണനിലവാരവുമുള്ളതുമാ
യ വിദ്യാഭ്യാസം ഉറപ്പാക്കുകയും ചെയ്യുക
എന്ന ദൗത്യം പൂർത്തീകരിക്കുന്നതിനുവേണ്ടി
തയാറാക്കിയ കർമപദ്ധതിയുടെ രൂപരേഖയാണ്
ഇത്. എല്ലാ വിഷയങ്ങൾക്കും ഒരുപോലെ
പ്രാധാന്യം നൽകിയിരിക്കുന്നു. മികവുകളെ
സമൂഹത്തിൽ എത്തിക്കുന്നതിനുള്ള പ്രവർത്ത
നങ്ങളും ഉണ്ട്. കുട്ടികളിലെ പഠന വിടവുകൾ
നികത്തുകയും പഠനപ്രവർത്തനങ്ങൾ കൂടുതൽ
ആസ്വാദ്യകരമാക്കുകയും ചെയ്യുക എന്ന ലക്ഷ്യ
ത്തെ മുൻനിർത്തിയാണ് പ്രവർത്തനങ്ങൾ.